സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാന്റ് സ്പെഷ്യൽ ആഫീസറുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 209/05/Est-1 നന്തൻകോട് 06/07/2019

---

പരാമർശം ഃ- 1) 22-4-2015 ലെ മേൽ നമ്പർ ഉത്തരവ്.
2) 19-07-2018 ലെ മേൽ നമ്പർ ഉത്തരവ്.
3) ദേവസ്വം കമ്മീഷണറുടെ 15-6-2019 ലെ ROC 18442/08/Land നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ലാന്റ് സ്പെഷ്യൽ ആഫീസർ ആയി കോൺട്രാക്ട് വ്യവസ്ഥയിൽ 01-05-2015 മുതൽ ഒരു വർഷത്തേക്ക് പരാമർശം 1 പ്രകാരം നിയമിച്ചിരുന്ന ശ്രീ. ജി. ജയചന്ദ്രന്റെ സേവന കാലാവധി അവസാനിച്ച മുറയ്ക്ക് ടിയാന്റെ സേവനം തുടർന്നും ആവശ്യമാകയാൽ ഓരോ വർഷവും ദീർഘിപ്പിച്ചുവന്നിരുന്നതും ഏറ്റവും ഒടുവിൽ പരാമർശം 2 പ്രകാരം ദീർഘിപ്പിച്ചിരുന്ന ടിയാന്റെ സേവന കാലാവധി 30-04-2019 ൽ അവസാനിച്ചു.

ലാന്റ് സ്പെഷ്യൽ ആഫീസറുടെ സേവനം 01-05-2019 മുതൽ ഒരു വർഷത്തേക്ക് തുടർന്നും ദീർഘിപ്പിച്ച് ഉത്തരവുണ്ടാകുന്നതിലേക്ക് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (പരാമർശം -3).

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാന്റ് സ്പെഷ്യൽ ആഫീസർ ശ്രീ. ജി. ജയചന്ദ്രന്റെ സേവനം തുടർന്നും ആവശ്യമാകയാൽ ടി ഉദ്യോഗസ്ഥന്റെ സേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 01-5-2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ശ്രീ. ജി. ജയചന്ദ്രൻ, ലാന്റ് സ്പെഷ്യൽ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (പ്രശാന്തി, നാവായിക്കുളം. പി.ഒ, തിരുവനന്തപുരം – 695 603)

(മറുപുറം)

3. ഇ.ഡി.പി. സെക്ഷൻ
4. ലാന്റ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Vishelumari.S

അസിസ്റ്റന്റ് സെക്രട്ടറി

SK